**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 810** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>രാമപുരം കുടിവെള്ള പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി

**(എ)** പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള രാമപുരം കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നിജസ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലാ, പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകൾക്കായി മീനച്ചിൽ മലങ്കര പദ്ധതിക്ക് 1243 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 42230 ഗാർഹിക കണക്ഷനുകൾ നല്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. 15 പാക്കേജ് ആയി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ മലങ്കര ഡാം സ്രോതസ്സായി സ്വീകരിച്ച് ജലം നീലൂരിൽ നിർമ്മിക്കുന്ന ശുദ്ധീകരണ ശാലയിലെ ശുദ്ധീകരണത്തിന് ശേഷം വിവിധ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജല സംഭരണികളിൽ എത്തിച്ച് വിതരണം ചെയ്യുന്നതാണ്. മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക് സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച് ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്ത് കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച ശുദ്ധീകരിച്ച ടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 15 പാക്കേജുകളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പാക്കേജ്- 1 & 2 പൊതു നിർമ്മാണ വിതരണ ഘടകങ്ങളുടെ പ്രവൃത്തിയാണ്. പാലാ മണ്ഡലത്തിലെ 8 പഞ്ചായത്തുകളും പൂഞ്ഞാർ മണ്ഡലത്തിലെ 5 പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് ഈ പദ്ധതി. പാലാ മണ്ഡലത്തിലെ 10 പാക്കേജുകളുടെ നിലവിലെ പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പാക്കേജ് -1** (ഫ്ലോട്ടിങ് പമ്പ് ഹൗസ്; 18 ലക്ഷം ശേഷിയുള്ള ടാങ്കും ബൂസ്റ്റിംഗ് സ്റ്റേഷനും വള്ളിപ്പാറയിൽ റോ വാട്ടർ പമ്പിങ് മെയിൻ മുതലായവയുടെ പ്രവൃത്തി.)

നിലവിൽ പാക്കേജ് 1-ൽ 14% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, 800 മീറ്റർ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പാക്കേജ്- 2** (45 എംഎൽഡി ജല ശുദ്ധീകരണ ശാല, അനുബന്ധ ഘടകങ്ങൾ, 700 mm ഗ്രാവിറ്റി മെയിൻ മുതലായവ ഉൾപ്പെടുന്ന പ്രവൃത്തി.)

നിലവിൽ പാക്കേജ് 2 ൽ 29% പ്രവൃത്തി പൂർത്തീകരിച്ചു.

**<u>പാക്കേജ് 3</u>** (കടനാട് പഞ്ചായത്ത്)

നിലവിൽ ഈ പാക്കേജിന്റെ 31% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പാക്കേജ് 4</u>** (രാമപുരം പഞ്ചായത്ത്)

നിലവിൽ ഈ പാക്കേജിന്റെ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പാക്കേജ് 5</u>** (ഭരണങ്ങാനം പഞ്ചായത്ത്)

നിലവിൽ ഈ പാക്കേജിന്റെ 29% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പാക്കേജ് 6</u>** (മേലുകാവ് പഞ്ചായത്ത്)

നിലവിൽ ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ കരാർ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**<u>പാക്കേജ് 7</u>** (മൂന്നിലവ് പഞ്ചായത്ത്)

ആകെ സ്ഥാപിക്കേണ്ട 168.85 km പൈപ്പ് ലൈനിൽ 36.88 കി.മീ സപ്ലൈ ചെയ്തു. 8.66 km ദൂരം പൂർത്തിയായി. നിലവിൽ 4% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയോടനുബന്ധിച്ചുള്ള ടാങ്കുകളുടെ സർവേ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**പാക്കേജ് 8** (തലനാട് പഞ്ചായത്ത്)

ആകെ സ്ഥാപിക്കേണ്ട 90.9 km പൈപ്പ് ലൈനിൽ 12.52 km സപ്ലൈ ചെയ്തു. 11 km ദൂരം പൂർത്തിയായി. നിലവിൽ 8% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പാക്കേജ് 11</u>** (മീനച്ചിൽ പഞ്ചായത്ത്)

നിലവിൽ ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ കരാർ ഒപ്പുവെച്ചു എങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**<u>പാക്കേജ് 13</u>** (തലപ്പലം പഞ്ചായത്ത്)

ആകെ സ്ഥാപിക്കേണ്ട 28 kmപൈപ്പ് ലൈനിൽ 20.75 km സപ്ലൈ ചെയ്തു. 10.8 km ദൂരം പൂർത്തിയായി. പേരുപ്പാറ 3.7 LL OHSR പൂർത്തീകരിച്ചു. റോഡ് പുനരുദ്ധാരണപ്രവർത്തികൾ ആരംഭിച്ചു. നിലവിൽ ഈ പാക്കേജിലെ 33% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ റോഡ് അനുമതികൾ ലഭിക്കുന്നതിന് കാലതാമസം പ്രധാന വെല്ലുവിളിയാണ്. കൂടാതെ ശബരിമല തീർത്ഥാടന കാലവും, മൺസൂൺ നിരോധനവും കാരണം പി.ഡബ്ല്യു.ഡി റോഡുകളിലെ പ്രവൃത്തികൾ വർഷത്തിൽ ആറുമാസം മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. പദ്ധതി പ്രദേശത്തെ മിക്ക പഞ്ചായത്തുകളും ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയായതിനാലും കനത്ത മഴയും കാലാവസ്ഥ വ്യതിയാനവും പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്നതിനാലും നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. പ്രസ്തുത പദ്ധതി 2027 ഡിസംബറോടെ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**